**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 714** **30-01-2024 - ൽ മറുപടിയ്ക്ക്**

**ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കർഷകർക്കു സൗജന്യമായി വൈദ്യുതി നൽകിയതിന് കൃഷി വകുപ്പിൽ നിന്നും ഇലക്ട്രിസിറ്റി ബോർഡിന് വൻ തുക കുടിശ്ശികയായിട്ടുണ്ടോ; വ്യക്തമാക്കുമോ; കുടിശ്ശികയായവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ടോ; | (എ) | കർഷകർക്ക് സൗജന്യമായി വൈദ്യുതി നൽകിയതിന് കൃഷി വകുപ്പിൽ നിന്ന് ഇലക്ട്രിസിറ്റി ബോർഡിന് 31.12.2023 വരെ മുതലും OTS പലിശയും ചേർത്ത് 220.69 കോടി രൂപ കുടിശ്ശികയായിട്ടുണ്ട്.<br><br>21.07.2021-ന് മുമ്പുള്ള തുകയ്ക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 30.12.2023 വരെ നിലവിലുണ്ടായിരുന്നു. എന്നാൽ ബഹുമാനപ്പെട്ട റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശ പ്രകാരം ഇപ്പോൾ ഗവൺമെന്റ് സ്ഥാപനങ്ങൾക്കും, അർഹതപ്പെട്ട ഉപഭോക്താക്കൾക്കും മാത്രമായി ആയത് 31.03.2024 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം എന്തെല്ലാം ഇളവുകളാണ് അനുവദിക്കുന്നത്; പ്രസ്തുത പദ്ധതി അനുവദിക്കുന്നതിന് റഗുലേറ്ററി കമ്മീഷന്റെ അനുമതി ആവശ്യമുണ്ടോ; നിലവിൽ എന്നുവരെയാണ് ഈ പദ്ധതി പ്രകാരം തുക അടയ്ക്കാൻ കഴിയുക എന്ന് അറിയിക്കാമോ; | (ബി) | കെ.എസ്.ഇ.ആർ.സി-യുടെ അനുമതിക്കനുസൃതമായി പലിശയിനത്തിൽ ഇളവുകൾ നൽകിയും ആവശ്യമെങ്കിൽ പലിശ തുകയ്ക്ക് തവണകൾ അനുവദിച്ചും നിബന്ധനകൾക്കു വിധേയമായി കുടിശ്ശിക മുതലിനു തന്നെ തവണകൾ നൽകിയും ഉപഭോക്താക്കൾക്ക് പരമാവധി പ്രയോജനപ്പെടത്തക്കവിധവും പരമാവധി കുടിശ്ശിക പിരിച്ചെടുക്കത്തക്കവിധവുമാണ് 2023 ൽ പ്രഖ്യാപിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 20.07.2023 മുതൽ 30.12.2023 വരെ നടപ്പിലാക്കിയിരുന്നത്. കോടതിയിൽ വ്യവഹാരത്തിലുള്ള ഉപഭോക്താക്കൾക്കും റവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശ കൊടുത്തിട്ടുള്ള ഉപഭോക്താക്കൾക്കും കൂടി പ്രസ്തുത പദ്ധതി ഉപയോഗിക്കാനുള്ള അവസരവും ഇതു പ്രകാരം നൽകിയിട്ടുണ്ടായിരുന്നു.<br><br>കൂടാതെ 2003-ലെ ഇലക്ട്രിസിറ്റി ആക്ട് സെക്ഷൻ 126, 127ഉം പ്രകാരം ബുക്ക് ചെയ്ത കേസുകൾക്കും (സെക്ഷൻ 135 ഒഴികെ) OTS 2023 സ്കീമിന് കീഴിൽ 31.03.2024 വരെ തീർപ്പാക്കാനുള്ള അവസരം പ്രാബല്യത്തിൽ ഉണ്ട്. സെക്ഷൻ 126(6)/അപ്പീൽ |

ഫൈനൽ ചെയ്ത തുകയ്ക്ക് കീഴില്ലള്ള മൂല്യനിർണ്ണയ തുക അടയ്ക്കുന്നതിനുള്ള ഇൻസ്റ്റാൾമെന്റ് സൗകര്യങ്ങൾ ഒഴികെ, ഇളവ് നൽകുന്നതല്ല.

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പതിനഞ്ചു വർഷത്തിനുമേൽ കാലതാമസം വന്ന വൈദ്യുതി ചാർജ്ജ് കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് നാല് ശതമാനം പലിശ നിരക്കും അഞ്ച് വർഷത്തിനുമേൽ പതിനഞ്ചു വർഷത്തിനകം കാലതാമസം വന്ന വൈദ്യുത ചാർജ്ജ് കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് അഞ്ച് ശതമാനം പലിശ നിരക്കും രണ്ട് വർഷത്തിനുമേൽ അഞ്ച് വർഷത്തിനകം കാലതാമസം വന്ന കുടിശ്ശികയ്ക്ക് ആറ് ശതമാനം പലിശ നിരക്കുമാണ് നിജപ്പെടുത്തിയിരിക്കുന്നത്.

റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടെയാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. നിലവിൽ ഈ പദ്ധതി ഗവൺമെന്റ് സ്ഥാപനങ്ങൾക്കും, അർഹതപ്പെട്ട ഉപഭോക്താക്കൾക്കും മാത്രമായി ആയത് 31.03.2024 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

രണ്ടു വർഷത്തിനുമേൽ പഴക്കമുള്ള കുടിശ്ശികകൾ പലിശ ഇളവോടുകൂടി ഈ പദ്ധതി പ്രകാരം തീർപ്പാക്കാവുന്നതാണ്. റവന്യൂ റിക്കവറി നടപടികൾ പുരോഗമിക്കുന്നതോ കോടതി വ്യവഹാരത്തിൽ ഉള്ളതോ ആയ കുടിശ്ശികകളും ഈ പദ്ധതിയിലൂടെ തീർപ്പാക്കാം. പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

. 15 വർഷത്തിനു മുകളില്ലള്ള കുടിശ്ശികകൾക്ക് പലിശ നാല് ശതമാനം മാത്രം.

. അഞ്ച് മുതൽ 15 വരെ പഴക്കമുള്ള കുടിശ്ശികകൾക്ക് പലിശ അഞ്ച് ശതമാനം മാത്രം.

. രണ്ടു മുതൽ അഞ്ച് വർഷം പഴക്കമുള്ള കുടിശ്ശികകൾക്ക് പലിശ ആറ് ശതമാനം മാത്രം.

. മുഴുവൻ വൈദ്യുതി കുടിശ്ശികയും പലിശയും ഉൾപ്പെടെ ഒറ്റത്തവണയായി തീർപ്പാക്കിയാൽ ആകെ പലിശ തുകയിൽ രണ്ട് ശതമാനം അധിക ഇളവ് ലഭിക്കും.

. വൈദ്യുതി കുടിശ്ശികകൾക്കുള്ള പലിശകൾ ആറു തവണകളായി അടയ്ക്കാൻ അവസരമുണ്ട്.

. പലിശ ഇളവ് നൽകുന്നതിന് പുറമേ അടച്ചു പൂട്ടിയ യൂണിറ്റുകൾക്ക് ബില്ലിംഗ് ഡിമാന്റിൽ അടഞ്ഞു കിടന്ന സമയത്ത് ഇളവുകൾ നൽകി തീർപ്പാക്കുന്നതാണ്.

| | | | |
|---|---|---|---|
| | | | . വൈദ്യുതി വിച്ഛേദിച്ചിട്ടുള്ള യൂണിറ്റുകൾക്ക് ആറുമാസത്തിലധികം ബില്ല് ചെയ്തിട്ടുണ്ടെങ്കിൽ ആയത് ആറുമാസത്തേക്ക് നിജപ്പെടുത്തി അവരുടെ കുടിശ്ശികയിൽ ഇളവ് നൽകാനും ഈ പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്.<br><br>കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡിന്റെ ചട്ടപ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്ക് വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരം ആവശ്യമുണ്ട്. കമ്മീഷന്റെ 19.072023 ഉത്തരവ് പ്രകാരം പദ്ധതിയിൽ 30.12.2023 വരെ പണം അടയ്ക്കാൻ അവസരം ഉണ്ടായിരുന്നു. തുടർന്ന് 27.12.2023-ലെ കത്ത് പ്രകാരം ഗവൺമെന്റ് ഉപഭോക്താക്കൾക്കും, മറ്റ് അർഹതപ്പെട്ട ഉപഭോക്താക്കൾക്കും ടി പദ്ധതി പ്രകാരം 31.03.2024 വരെ പണം അടയ്ക്കാൻ അവസരം ഉണ്ട്. |
| (സി) | വിവിധ സർക്കാർ വകുപ്പുകളിൽ നിന്ന് നിലവിലെ കണക്കുകൾ പ്രകാരം എത്ര തുകയാണ് കുടിശ്ശികയായി ബോർഡിന് പിരിഞ്ഞു കിട്ടാനുള്ളത്; ഇതിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം എത്ര തുക ലഭിച്ചു; കുടിശ്ശികയായ തുക ലഭിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കാമോ ? | (സി) | 31.12.2023–ലെ ത്രൈമാസ റിപ്പോർട്ട് പ്രകാരം 163.15 കോടി രൂപ വിവിധ സർക്കാർ വകുപ്പുകളിൽ നിന്നായി ബോർഡിന് പിരിഞ്ഞുകിട്ടാനുണ്ട്.<br><br>ഇതിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 31.12.2023 കണക്ക് പ്രകാരം പിരിഞ്ഞുകിട്ടിയ തുക 3.42 കോടി രൂപയാണ്.<br><br>കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും തുടർന്നും അടവ് വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ സ്ഥിരമായി വിച്ഛേദിച്ച് റവന്യൂ റിക്കവറി നടപടികൾ ബോർഡിന്റെ അതാത് കാര്യാലയങ്ങളിൽ നിന്നും സ്വീകരിച്ചു വരുന്നു. എന്നാൽ സർക്കാർ സ്ഥാപനങ്ങളുടെ കുടിശ്ശിക തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഡിപ്പാർട്ട്മെന്റ് അടിസ്ഥാനപ്പെടുത്തിയുള്ള കണക്കുകൾ റീ-കൺസിലേഷൻ നടപടികൾ നടന്നുവരുന്നു. കൂടാതെ ബോർഡിന്റെ ഇപ്പോൾ പ്രാബല്യത്തിലുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴിയും കുടിശ്ശിക തീർപ്പാക്കാനുള്ള ശ്രമവും നടന്നു വരുന്നു.<br><br>പരമാവധി ഇളവുകൾ നൽകിയിട്ടും കുടിശ്ശിക തുക അടയ്ക്കാൻ തയ്യാറാകാത്ത ഉപഭോക്താക്കളിൽ കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടേയും, കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടേയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുകയും, കണക്ഷൻ അഴിച്ചുമാറ്റുകയും, അതിനു ശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വസൂലാക്കുകയും, |

| | | | |
|---|---|---|---|
| | | | ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശുപാർശ നൽകുക എന്നീ നിയമപരമായി സ്വീകരിക്കാവുന്ന കർശന നടപടികൾ സ്വീകരിക്കുന്നതാണെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ